©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 15 Vol. XV | തിരുവനന്തപുരം, ശനി Thiruvananthapuram, Saturday | 2026 ആഗസ്റ്റ് 29 29th August 2026 1202 ചിങ്ങം 13 13th Chingam 1202 1948 ഭാദ്രം 7 7th Bhadra 1948 | നമ്പർ No. | 2355 |

**1961-ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ വകുപ്പ് 6(1)**

**പ്രകാരമുള്ള പരസ്യം**

**( അമ്പലപ്പുഴ – തോട്ടപ്പള്ളി-കൊട്ടാരവളപ്പ് നാലുചിറ ബൈപ്പാസ് നിർമ്മാണം)**

**LA(G)/132/2026-B2** 2026-ആഗസ്റ്റ്-18

താഴെക്കൊടുത്തിട്ടുള്ള താലൂക്കിലെ താഴെക്കൊടുത്തിട്ടുള്ള വില്ലേജിലെ താഴെക്കൊടുത്തിട്ടുള്ള സർവ്വെ നമ്പരുകളിൽപ്പെടുന്ന ഭൂമിയുടെ സർവ്വെ, ടി വില്ലേജിൽ നിർമ്മിക്കുവാനുദ്ദേശിക്കുന്ന അമ്പലപ്പുഴ – തോട്ടപ്പള്ളി -കൊട്ടാരവളപ്പ് നാലുചിറ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുകയാൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

താഴെപ്പറയുന്ന വില്ലേജിലെ സർവ്വെ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്നതാണെന്നും, താഴെപ്പറയുന്ന വില്ലേജിലെ സർവ്വെ അതിർത്തി തിരിച്ച് സർവ്വെ ചെയ്യുന്നതാണെന്നും 1961-ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ വകുപ്പ് 6(1) പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

താഴെപ്പറയുന്ന ഭൂമികളുടെ ഉള്ളിലോ അഥവാ അവയോടു ചേർന്നോ രജിസ്റ്റർ ചെയ്ത ഭൂമികളിൽ അവകാശമുണ്ടെന്നോ തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ ഏജന്റ് മുഖേനയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വെയറുടെ അടുത്ത് ഹാജരാകുന്നതിനും അതിരുകൾ കാണിച്ചുകൊടുക്കുന്നതിനും അതോട് ബന്ധപ്പെട്ട വിവരങ്ങൾ നല്കുന്നതിനും വേണ്ടി അതാതു സമയം ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചു കൊള്ളുന്നു.

പ്രസ്തുത ആക്ടിലെ 6(2) എന്ന വകുപ്പ് പ്രകാരം ഈ പരസ്യം താഴെപ്പറയുന്ന ഭൂമികളിൽ അവകാശമുള്ള ഏതൊരാൾക്കുമുള്ള സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്.

പ്രസ്തുത ആക്ടിലെ 6(3) എന്ന വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാരും:-

(എ) സർവ്വെ ചെയ്യുന്നതിനുവേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട ആവശ്യം ഉണ്ടായേക്കാവുന്ന വല്ല മരങ്ങളോ, കുറ്റിക്കാടുകളോ, വേലികളോ, വിളകളോ, അഥവാ സാരവത്തായ മറ്റു തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ച് കളയുകയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റു ലൈനുകളോ വെടിപ്പാക്കണമെന്നും:

ബി) കൊടി പിടിക്കുന്നവരേയും, ചെയിൻമാൻമാരെയും നിയോഗിച്ച് അതാത് സമയം ആവശ്യമായേക്കാവുന്ന സമയത്തും കാലത്തും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും

(സി) അനുയോജ്യമായ സർവ്വെ അടയാളങ്ങൾ നല്കണമെന്നും മറ്റു പ്രകാരത്തിൽ പ്രസ്തുത ആക്ടോ, അതു പ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വെയർക്ക് നല്കണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽപ്പറഞ്ഞ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ജോലി കൂലിപ്പണിക്കാരെക്കൊണ്ട് ചെയ്യിക്കുന്നതും ആയതിന്റെ ചെലവ് ആക്ടിലും അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കുന്നതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഭൂമിയുടെ വിശദ വിവരങ്ങൾ**

**ജില്ല – ആലപ്പുഴ** **താലൂക്ക് – അമ്പലപ്പുഴ**

| **വില്ലേജ്** | **സർവ്വെ നമ്പർ** |
|---|---|
| **കരുമാടി** | കരുമാടി വില്ലേജ് റി സർവ്വേ . 322/6<br>വടക്ക് .322/5,322/3,322/4,322/7<br>തെക്ക്. 324/1,324/3,323<br>പടിഞ്ഞാറ്. 309,316,318, (ടി എസ് കനാൽ)<br>കിഴക്ക്.326/1,326/3,327/1,327/4,327/5,329/1,329/2,314/1,314/2,314/3,310/1,387(തോട്)<br>കിഴക്ക്&പടിഞ്ഞാറ് .311/2,311/5,311/6,388/1,388/3,388/4,389/1,389/2,389/3,390/1,390/3 |

**(ഒപ്പ്)**
**സ്പെഷ്യൽ തഹസിൽദാർ**
**എൽ.എ. (ജനറൽ) ആലപ്പുഴ**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.29 03:27:58 +05:30